"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ്- തലസ്ഥാന നഗരവികസന പദ്ധതി -പാളയം-എയർപോർട്ട് റോഡിന്റെ വികസനവുമായി ബന്ധപ്പെട്ട എൽ.എ.ആർ. 198/2005 കേസിലെ ബാലൻസ് വിധിക്കടത്തുക അനുവദിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ആർ.ഇ)വകുപ്പ്**

സ.ഉ.(സാധാ) നം.1718/2026/LSGD തീയതി,തിരുവനന്തപുരം, 11-09-2026

---

പരാമർശം:-

1. ജി.ഒ(ആർ.ടി)നം. 813/2025/എൽ.എസ്.ജി.ഡി തീയതി, 26/03/2025.
2. ജി.ഒ(ആർ.ടി)നം. 3039/2025/എൽ.എസ്.ജി.ഡി തീയതി, 22/12/2025.
3. ജി.ഒ(ആർ.ടി)നം. 398/2026/എൽ.എസ്.ജി.ഡി തീയതി, 16/02/2026.
4. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 18.07.2026 തീയതിയിലെ ഡി.സി.റ്റി.വി.എം/13548/2023-കെ9 നമ്പർ കത്ത്.
5. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 01.09.2026 തീയതിയിലെ എ3/2057/2018/ട്രിഡ നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായി പാളയം - എയർപോർട്ട് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 198/2005 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 12,86,127/- രൂപയും ജില്ലാ കളക്ടറുടെ സസ്പെൻസ് അക്കൗണ്ടിൽ നിന്നും സബ് കോടതിയിൽ കെട്ടിവെച്ചിട്ടുള്ള തുകയായ 78,90,438/- രൂപയും ചേർത്ത് ആകെ 91,76,565/- രൂപ (തൊണ്ണൂറ്റിയൊന്ന് ലക്ഷത്തി എഴുപത്തിയാറായിരത്തി അഞ്ഞൂറ്റി അറുപത്തിയഞ്ച് രൂപ മാത്രം) അനുവദിക്കുന്നതിന് പരാമർശം 2 പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും ടി എൽ.എ.ആർ. കേസിലെ ബാലൻസ് വിധിക്കടത്തുകയായ 12,86,127/- രൂപ (പന്ത്രണ്ട് ലക്ഷത്തി എൺപ്പത്തിയാറായിരത്തി ഒരുന്നൂറ്റി ഇരുപത്തിയേഴ് രൂപ മാത്രം) ടി കേസിലെ കക്ഷികൾക്ക് അനുവദിക്കുന്നതിനായി '4217-60-800-93- Payment of Compensation in LAR Cases (Non-Plan)' എന്ന ശീർഷകത്തിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിലീസ് ചെയ്യുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി പരാമർശം 3 പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു.

2. എന്നാൽ, പ്രസ്തുത തുക തിരുവനന്തപുരം ജില്ലാ കളക്ടർക്ക് പ്രിൻസിപ്പൽ ഡയറക്ടർ റിലീസ് ചെയ്ത് നൽകിയിരുന്നുവെങ്കിലും 2025-56 സാമ്പത്തികവർഷം കഴിഞ്ഞതിനെ തുടർന്ന് ടി തുക കാലഹരണപ്പെട്ടിട്ടുള്ളതാണെന്നും കക്ഷി ഫയൽ ചെയ്തിട്ടുള്ള 79/2023 നമ്പർ ഇ.പി യിൽ സെക്രട്ടേറിയറ്റ് പരിസരത്തെ 15 സെന്റ് സ്ഥലം ജപ്തി ലേല നടപടികൾക്കായി നിശ്ചയിച്ചിട്ടുള്ള കേസായതിനാൽ, സ്പെഷ്യൽ തഹസിൽദാരുടെ 31/10/2026

തീയതിവരെയുള്ള കണക്കുവിവരപ്പട്ടിക പ്രകാരമുള്ള ബാലൻസ് തുകയായ 14,33,150/- രൂപയും ജില്ലാ കളക്ടറുടെ സസ്പെൻസ് ഹെഡിൽ നിന്നും അനുവദിച്ചിട്ടുള്ള 78,90,438/- രൂപയും ചേർത്ത് 93,23,588/- രൂപ (തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി ഇരുപത്തി മൂവായിരത്തി അഞ്ഞൂറ്റി എൺപത്തി എട്ട് രൂപ) അടിയന്തരമായി അനുവദിക്കണമെന്നും പരാമർശം 4, 5 പ്രകാരം യഥാക്രമം തിരുവനന്തപുരം ജില്ലാ കളക്ടറും തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയും അഭ്യർഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായി പാളയം - എയർപോർട്ട് റോഡ് വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നം. 2026/1,2,3,4,5,6,7,10,11 & 2026/12 എന്നിവയിൽ ഉൾപ്പെട്ടതും ശ്രീ. കെ ചന്ദ്രമോഹൻ, ശ്രീ. കെ. രാജ് മോഹൻ, ശ്രീ. വിജയ് മോഹൻ എന്നിവരുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 2.00 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 198/2005 നമ്പർ കേസിൽ തിരുവനന്തപുരം ജില്ലാ കളക്ടറുടെ സസ്പെൻസ് അക്കൗണ്ടിൽ നിന്നും ബഹു. കോടതിയിൽ കെട്ടിവച്ചിട്ടുള്ള തുകയായ 78,90,438/- രൂപ (എഴുപത്തി എട്ട് ലക്ഷത്തി തൊണ്ണൂറായിരത്തി നാനൂറ്റി മുപ്പത്തി എട്ട് രൂപ മാത്രം) '8674-00-101-99' എന്ന ശീർഷകത്തിലേക്ക് റികൂപ്പ് ചെയ്യുന്നതിനായും ടി കേസിലെ 31/10/2026 തീയതിവരെയുള്ള ബാലൻസ് തുകയായ 14,33,150/- രൂപ (പതിനാല് ലക്ഷത്തി മുപ്പത്തി മൂവായിരത്തി നൂറ്റി അൻപത് രൂപ മാത്രം) ടി കേസിലെ കക്ഷികൾക്ക് അനുവദിക്കുന്നതിനുമായി ആകെ **93,23,588/- രൂപ (തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി ഇരുപത്തി മൂവായിരത്തി അഞ്ഞൂറ്റി എൺപത്തി എട്ട് രൂപ മാത്രം)** '4217-60-800-93 Payment of compensation in LAR Cases (Plan - Charged)' എന്ന ശീർഷകത്തിൽനിന്നും അനുവദിക്കുന്നതിന് ഭരണാനുമതി പുതുക്കി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ബന്ധപ്പെട്ട കക്ഷികൾക്ക് (ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖേന)
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ആർ.ഇ1/355/2025/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Digitally signed by
Bindu Chandran R
Date: 16-09-2026
15:28:03

സെക്ഷൻ ഓഫീസർ